**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 43** **12-10-2026-ൽ മറുപടിയ്ക്ക്**

**പ്രവാസി ക്ഷേമനിധിയിൽ അംഗത്വം നഷ്ടപ്പെട്ടവരുടെ അംഗത്വം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീമതി ഉമ തോമസ് ശ്രീ. വി. ഡി. സതീശൻ (മുഖ്യമന്ത്രി)

**(എ)** പ്രവാസി ക്ഷേമനിധിയിൽ തവണ മുടങ്ങിയതിനെ തുടർന്ന് അംഗത്വം നഷ്ടപ്പെട്ടവരുടെ അംഗത്വം പുനഃസ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

**മറുപടി:** 2009 ലെ പ്രവാസി കേരളീയരുടെ ക്ഷേമ പദ്ധതി അദ്ധ്യായം III (21) പ്രകാരം അംശദായം തുടർച്ചയായി ഒരു വർഷമോ അതിലധികമോ അടയ്ക്കാൻ വീഴ്ച വരുത്തിയാൽ അംഗത്വം റദ്ദായി പോകുന്നതാണെന്നും ,എന്നാൽ അംശദായം അടയ്ക്കാകാതിരിക്കുന്നത് ന്യായമായ കാരണങ്ങളാലാണെന്ന് ബോധ്യപ്പെട്ടാൽ സർക്കാർ അംഗീകാരത്തോടെ ബോർഡ് തീരുമാനിക്കുന്ന പലിശയും പിഴ പലിശയും ചേർത്ത് നാളിതു വരെയുള്ള കുടിശ്ശിക അടച്ച തീർത്താൽ അംഗത്വം പുനഃസ്ഥാപിച്ച നല്കാവുന്നതാണ് എന്നും വ്യവസ്ഥ ചെയ്യുന്നു. മുടങ്ങിയ അംശദായത്തിന്റെ 14% പലിശയും 1% പിഴ പലിശയും ചേർത്ത് 15% നിരക്കിൽ മുടക്കം വന്ന കാലത്തേക്ക് കണക്കാക്കപ്പെടുന്ന തുക മുടക്കം വന്ന അംശദായ തുകയോടൊപ്പം അടച്ച് റദ്ദായ അംഗത്വം പുനഃസ്ഥാപിക്കാവുന്നതാണ് എന്ന ബോർഡ് തീരുമാനം സർക്കാർ അംഗീകരിക്കുകയും പ്രസ്തുത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നിലവിൽ അംഗത്വം പുനഃസ്ഥാപിച്ച നൽകുകയും ചെയ്തു വരുന്നുണ്ട്.

**(ബി)** തവണ മുടങ്ങിയതിനെ തുടർന്ന് കഴിഞ്ഞ അഞ്ച് വർഷത്തിനിടെ എത്ര പ്രവാസികളുടെ അംഗത്വമാണ് നഷ്ടപ്പെട്ടിട്ടുള്ളത്; ക്ഷേമനിധി തവണയിൽ വരുത്തുന്ന വർദ്ധനവ് അംഗങ്ങളെ യഥാസമയം അറിയിക്കാറുണ്ടോ;

**മറുപടി:** അംശദായ അടവ് മുടങ്ങിയവർക്ക് അംഗത്വ കാലയളവിനുള്ളിൽ അംഗത്വം പുനഃസ്ഥാപിക്കുന്നതിന് അവസരം നൽകുന്നുണ്ട്. ഈ അവസരം പ്രയോജനപ്പെടുത്താത്തതിനാൽ 01.01.2021 മുതൽ 05.10.2026 വരെ 4777 പേർക്ക് അംഗത്വം നഷ്ടമായിട്ടുണ്ട് .

ബോർഡിന്റെ വെബ് സൈറ്റിൽ അംശദായ വർദ്ധനവ് സംബന്ധിച്ച വിവരങ്ങൾ പ്രസിദ്ധപ്പെടുത്തിയിരുന്നു. കൂടാതെ ഓരോ അംഗത്തിനും അവരുടെ അംഗത്വവിവരങ്ങൾ, അംശദായ അടവ് തുടങ്ങിയ വിവരങ്ങൾ ഓൺലൈനായി പരിശോധിക്കുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.

**(സി)** ഇത്തരത്തിൽ അംഗത്വം നഷ്ടപ്പെട്ടവർക്ക് കുടിശ്ശികയും ബാധകമായ പിഴയും അടച്ച് അംഗത്വം പുനഃസ്ഥാപിക്കുന്നതിന് നിലവിൽ അവസരമുണ്ടോ; വിശദമാക്കാമോ;

**<u>മറുപടി:</u>** അംശദായ അടവ് കുടിശ്ശിക വരുത്തി അംഗത്വം റദ്ദായവർക്ക് പെൻഷന് അർഹതനേടുന്ന തീയതിയ്ക്കു മുൻപ് അംഗത്വം പുനഃസ്ഥാപിക്കുന്നതിന് അവസരം നൽകുന്നുണ്ട്. ഒരു വർഷത്തിനു താഴെ മാത്രം അംശദായ അടവ് മുടക്കം വരുത്തിയവർക്ക് പെൻഷന് അർഹതനേടുന്ന തീയതിയ്ക്കു ശേഷം 30 ദിവസത്തിനകം അംഗത്വം പുനഃസ്ഥാപിക്കുന്നതിന് അവസരം നൽകി വരുന്നുണ്ട്.

**(ഡി)** അംഗത്വം പുനഃസ്ഥാപിക്കാൻ കഴിയാതെ പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നഷ്ടപ്പെടുന്നവർക്കായി പ്രത്യേക ഇളവ് അനുവദിച്ച് അംഗത്വം പുനഃസ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**<u>മറുപടി:</u>** നിലവിൽ പ്രത്യേക ഇളവുകൾ അനുവദിച്ചിട്ടില്ല.

**സെക്ഷൻ ഓഫീസർ**